(ബി) ഡിപ്പാർട്ട്മെന്റിന്റെ പേര്, മൊത്തം ബഡ്ജറ്റ് ഔട്ട് ലേ, ഫിനാൻഷ്യൽ പ്രോഗ്രസ്സ്, പെർസന്റേജ് ഓഫ് എക്സ്പെന്റിച്ചർ എന്നിവ അടങ്ങുന്ന പ്രോഗ്രസ്സ് റിപ്പോർട്ട് ലഭ്യമാക്കുമോ?

ഉത്തരം

(എ) അനുബന്ധം (എ) * ആയി നൽകുന്നു.

(ബി) അനുബന്ധം (ബി) * ആയി നൽകുന്നു.

പന്ത്രണ്ടാം പഞ്ചവൽസര പദ്ധതി

59 (1433) ശ്രീ. എം. എ. വാഹീദ് :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. ടി. എൻ. പ്രതാപൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി കാര്യക്ഷമമായി നടപ്പാക്കാൻ കർമ്മ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി നടത്തിപ്പിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ സർക്കാരിന്റെ കാലത്ത് ആരംഭിച്ച 12-ാം പഞ്ചവൽസര പദ്ധതിക്ക് ഒരു സമീപനരേഖ തയ്യാറാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പദ്ധതി രൂപീകരണവും നിർവ്വഹണവും നടത്തുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ലക്ഷ്യങ്ങൾ ഇതോടൊപ്പം ഉള്ളടക്കം * ചെയ്തിരിക്കുന്ന സമീപനരേഖയിൽ വ്യക്തമാക്കിയിട്ടുണ്ട്.

(സി) പദ്ധതി നിർവ്വഹണ നിരീക്ഷണ സംവിധാനം (പ്ലാൻസ്പേസ് www.planspace.kerala.gov.in) ശക്തിപ്പെടുത്തിയിട്ടുണ്ട്. പ്ലാൻ സ്പേസിൽ നിന്നും ലഭ്യമാകുന്ന വിവരങ്ങൾ ക്രോഡീകരിച്ച് മുഖ്യമന്ത്രി, മറ്റു മന്ത്രിമാർ, ചീഫ് സെക്രട്ടറി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ബന്ധപ്പെട്ട വകുപ്പുകളുടെ സെക്രട്ടറിമാർ എന്നിവർക്ക് എല്ലാ മാസവും അവലോകന കുറിപ്പുകൾ അയച്ചുകൊടുക്കാറുണ്ട്. പദ്ധതി നിർവ്വഹണ നിരീക്ഷണ സംവിധാനം ജില്ലാതലത്തിലേക്ക് വ്യാപിപ്പിച്ചിട്ടുണ്ട്. ഇത് ജില്ലകളിൽ കൂടുതൽ ശക്തിപ്പെടുത്തുന്നതാണ്.

പന്ത്രണ്ടാം പദ്ധതിയുടെ വളർച്ചാനിരക്ക്

60 (1434) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്ത്രണ്ടാം പദ്ധതിയുടെ ഓരോ വർഷവും എത്ര ശതമാനം വളർച്ചാനിരക്ക് കൈവരിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്;

(ബി) ഈ ഓരോ വർഷവും എത്ര ശതമാനം വളർച്ചാനിരക്ക് കൈവരിക്കാൻ സാധിച്ചുവെന്നറിയിക്കാമോ?

ഉത്തരം

(എ) പന്ത്രണ്ടാം പഞ്ചവൽസര പദ്ധതിക്കാലത്ത് മൊത്തം ആഭ്യന്തര ഉത്പാദനത്തിൽ സ്ഥിരവിലയിൽ 9.50 ശതമാനം വളർച്ചാനിരക്ക് കൈവരിക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത്.

(ബി)

വർഷം	വളർച്ചാ നിരക്ക് സ്ഥിര വിലയിൽ (2011-12)	വളർച്ചാ നിരക്ക് നടപ്പ് വിലയിൽ
2012-13	6.50	11.24
2013-14	4.54	12.27
2014-15	6.67	12.31

ഉടുമ്പൻചോല നിയോജകമണ്ഡലത്തിലെ ഹാഡ പദ്ധതി

61 (1435) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യത്തിന് ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഉടുമ്പൻചോല നിയോജകമണ്ഡലത്തിൽ 2014-15,2015-16 എന്നീ വർഷങ്ങളിൽ ഹാഡ പദ്ധതിയിൽപ്പെടുത്തി അനുവദിച്ച മരാമത്ത് പ്രവൃത്തികളുടെ പേരുകൾ, തുക എന്നിവ സംബന്ധിച്ച വിശദാംശം നൽകാമോ?

LIBRARY ARCHIVES Kerala Legislative Assembly